ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.സി6/14455/എച്ച്.എസ്.ഇ/2013 തീയതി : 05.08.2013

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹയർസെക്കന്ററി ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ - അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച് -

സൂചന : 1 GO(P) No.144/2001/G.Edn dated 16.04.2001
2 16.04.2013-ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
3 ഈ ഓഫീസിലെ 02.07.2013-ലെ ഇതേ നമ്പർ സർക്കുലർ

കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി സീനിയർ വിഭാഗത്തിൽ വിവിധ വിഷയങ്ങളിൽ ഉണ്ടായ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചു.

താത്കാലിക സീനിയോറിറ്റി ലിസ്റ്റിനെ കുറിച്ചുള്ള പരാതികൾ പരിശോധിച്ച് ചട്ടങ്ങൾക്കനുസൃതമായി മാറ്റം വരുത്തി അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചു.

അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകർ അവസാന മൂന്ന് കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും 2013 ജൂലൈ മാസം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടും ആഗസ്റ്റ് 17-നകം ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ Reporting ഓഫീസറും Reviewing ഓഫീസറും Counter sign ചെയ്തതും എല്ലാ കോളങ്ങളും പൂർണ്ണമായും പൂരിപ്പിച്ചവയും ആയിരിക്കണം.

കമ്പ്യൂട്ടർ സയൻസ്/കൊമേഴ്സ് എന്നീ വിഷയങ്ങളിലെ ജൂനിയർ അദ്ധ്യാപകരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകർ 2011 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് നേരത്തെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകർ 2012 കലണ്ടർ വർഷത്തെയും 2013 ജൂലൈ മാസം വരെയുമുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട അദ്ധ്യാപകരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഹാജരാക്കേണ്ട അദ്ധ്യാപകരുടെ വിവരം |
|---|---|---|
| 1 | മാത്തമാറ്റിക്സ് | 1 മുതൽ 75 വരെ |
| 2 | കെമിസ്ട്രി | 1 മുതൽ 50 വരെ |
| 3 | ഫിസിക്സ് | 1 മുതൽ 62 വരെ |
| 4 | ഹിന്ദി | 1 മുതൽ 30 വരെ |
| 5 | തമിഴ് | 1 മുതൽ 3 വരെ |
| 6 | അറബിക് | 1 മുതൽ 30 വരെ |
| 7 | ബോട്ടണി | 1 മുതൽ 20 വരെ |
| 8 | കൊമേഴ്സ് | 1 മുതൽ 60 വരെ |
| 9 | ജ്യോഗ്രഫി | 1 |
| 10 | സുവോളജി | 1 മുതൽ 21 വരെ |
| 11 | കമ്പ്യൂട്ടർ | 1 മുതൽ 37 വരെ |
| 12 | മലയാളം | 1 മുതൽ 60 വരെ |
| 13 | സംസ്കൃതം | 1 മുതൽ 5 വരെ |
| 14 | പൊളിറ്റിക്കൽ സയൻസ് | 1 |
| 15 | ഹിസ്റ്ററി | 1 മുതൽ 10 വരെ |
| 16 | എക്കണോമിക്സ് | 1 മുതൽ 56 വരെ |
| 17 | സോഷ്യോളജി | 1 മുതൽ 17 വരെ |
| 18 | ഇംഗ്ലീഷ് | 1 മുതൽ 110 വരെ |

പകർപ്പ് : എല്ലാ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ
പ്രിൻസിപ്പൽമാർ/അദ്ധ്യാപകർ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

23/Jay/02.08.13